LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉന്നതവിദ്യാഭ്യാസ യോഗ്യത അധിക യോഗ്യതയായി കണക്കാക്കാറില്ല.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ട തസ്തികകളുടെ യോഗ്യത ഭേദഗതി വരുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ റാങ്ക് ലിസ്റ്റ്

35(5617) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമന നിർദ്ദേശം നൽകുന്നതിന് നിയമപരമായ തടസ്സങ്ങൾ നിലവിലുണ്ടോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും അവസാനമായി നിയമന നിർദ്ദേശം നൽകിയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) അതിനുശേഷം പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമന നിർദ്ദേശങ്ങൾ നൽകാതിരിക്കുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയുമായി ബന്ധപ്പെട്ട് ഏതാനും ഉദ്യോഗാർത്ഥികൾ ബഹു. സുപ്രീംകോടതിയിൽ SLP(C) No.31237/13, 31956-31957/13, 37265/13, 38067-38072/13 നമ്പരുകളിലായി അന്യായം ഫയൽ ചെയ്തിട്ടുണ്ട്. ടി SLP-കളിന്മേലുള്ള ഇടക്കാല ഉത്തരവിൽ ടി തസ്തികയുടെ 31 ഒഴിവുകൾ മാറ്റിവയ്ക്കുവാൻ ബഹു. സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയുടെ നിയമനം ജില്ലാതലത്തിൽ നടത്തുന്നവയാണ്. ബഹു. സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിൽ ഏതൊക്കെ ജില്ലകളിലെ ഒഴിവുകളാണ് മാറ്റി വയ്ക്കേണ്ടത് എന്നത് സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നതിനാൽ പരിഷ്കരിച്ച ഉത്തരവിനായി ബഹു. സുപ്രീംകോടതി കോർട്ട് ഓഫ് രജിസ്ട്രിയിൽ പി.എസ്.സി.-യുടെ അഭിഭാഷകൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി & സി) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയുടെ പി.എസ്.സി. വഴിയുള്ള ആദ്യ നിയമനമാണ് ഇപ്പോൾ നടക്കുന്നത്. നിയമന നിർദ്ദേശം ഇതുവരെ നൽകിയിട്ടില്ല.